# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്.)

വിഷയം: കുടുംബശ്രീ – സി.ഡി.എസ്. ത്രിതല സംഘടനാ തെരഞ്ഞെടുപ്പ് – പ്രവർത്തനത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥർക്ക് ഓണറേറിയം നൽകുന്നത് – സംബന്ധിച്ച്

പരാമർശം :
1. സ.ഉ.(പി) നം.95/2017/തസ്വഭവ തീയതി: 05/12/2017
2. 21/01/2015–ലെ ഈ ഓഫീസിലെ കെ.എസ്./എം/353/2015 നമ്പർ ഉത്തരവ്

**ഉത്തരവ് നം. 3737/എം/2017/കെ.എസ്.എച്ച്.ഒ. തീയതി 03/02/2018**

പരാമർശം (1) ഉത്തരവ് പ്രകാരം കുടുംബശ്രീ ത്രിതല സംഘടനാ തെരഞ്ഞെടുപ്പ് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് പ്രകാരം സി.ഡി.എസ്., എ.ഡി.എസ്. തലങ്ങളിലെ തെരഞ്ഞെടുപ്പ് ചെലവുകൾ നിർവ്വഹിക്കുന്നത് സംബന്ധിച്ച് കുടുംബശ്രീ സംസ്ഥാന മിഷൻ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ 2018 ജനുവരി 26 ന് പൂർത്തീകരിച്ചിട്ടുണ്ട്. 2015–ൽ ത്രിതല സംഘടനാ തെരഞ്ഞെടുപ്പിൽ പങ്കെടുത്ത ഉദ്യോഗസ്ഥർക്ക് പരാമർശം (2) ഉത്തരവ് പ്രകാരം ഓണറേറിയം നിശ്ചയിച്ച് നൽകിയിരുന്നു.

തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥന്മാർ നിരവധി തവണ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ടി വരുന്നുണ്ട്. എങ്കിലും എല്ലാ പ്രവർത്തനങ്ങൾക്കും കൂടി ഒറ്റതവണയായി ആണ് ഓണറേറിയം നൽകുന്നത്. കൂടാതെ, ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻ തന്നെയാണ് ഉപതെരഞ്ഞെടുപ്പ്, മറ്റു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും ഇടപെടേണ്ടത്. ഈ സാഹചര്യത്തിൽ കുടുംബശ്രീ സംഘടനാ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ചുവടെ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം ഓണറേറിയം അനുവദിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | ഉദ്യോഗ പേര് | ഓണറേറിയം (രൂപ) |
|---|---|---|
| 1. | ജില്ലാ ഓഫീസർ | 2,000 |
| 2. | ആർ.ഒ. | 1,200 |
| 3. | എ.ആർ.ഒ. | 800 |
| 4. | എ.ഡി.എസ്. തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ (ഒരു എ.ഡി.എസ്.– ന് 150 രൂപ ക്രമത്തിൽ) | 150 (ഒരു എ.ഡി.എസ്സിന്) |
| 5. | മെമ്പർ സെക്രട്ടറി | 500 |

ഇതിനു വേണ്ടി വരുന്ന ചെലവ് കുടുംബശ്രീ ജില്ലാമിഷൻ പ്ലാൻ ഫണ്ടിലെ സംഘടനാ ശാക്തീകരണ ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്. മേൽ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന ഉദ്യോഗസ്ഥരുടെ സാക്ഷ്യപത്രം ജില്ലാമിഷൻ കോ–ഓർഡിനേറ്റർമാർ വാങ്ങി സൂക്ഷിക്കേണ്ടതും ആവശ്യമെങ്കിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതുമാണ്.

സി.ഡി.എസ്. അക്കൗണ്ടന്റുമാർക്കുള്ള ഹോണറേറിയം സംബന്ധിച്ച ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

**എല്ലാ ജില്ലാമിഷൻ കോ–ഓർഡിനേറ്റർമാർക്കും**

പകർപ്പ്

അധികം/കരുതൽ

**ഉത്തരവിൻ പ്രകാരം,**

**പ്രോഗ്രാം ഓഫീസർ (സംഘടന)**